നം.ആർ.ആർ.1/ 90010/2017/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 30.01.2020
ഫോൺ :0471-2580526
ഇ-മെയിൽ rrsectiondpi@gmail.com

## സർക്കുലർ

വിഷയം:- പൊ.വി.വ- വിദ്യാലയങ്ങളും പരിസരവും ക്ലാസ്സ് മുറികളും വൃത്തിയുള്ളതും സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തുന്നത്- സംബന്ധിച്ച്.

സൂചന:- 22.11.2019 ലെ ഇതേ നമ്പർ സർക്കുലർ.

വയനാട് സർവ്വജന സ്കൂളിൽ പാമ്പ് കടിയേറ്റുണ്ടായ അനിഷ്ട സംഭവത്തെ തുടർന്ന് സ്കൂളുകൾ സുരക്ഷിതമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് സൂചനപ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ സ്കൂൾ കുട്ടികൾക്ക് ക്ലാസ്സിനകത്തും, കോമ്പൗണ്ടിൽ വച്ചും വീണ്ടും പാമ്പുകടിയേൽക്കുന്നതായി റിപ്പോർട്ടുകളുണ്ട്. ആയതിനാൽ ഇനി വരുന്ന അധ്യയന ദിവസങ്ങളിൽ ക്ലാസ്സ് മുറികൾ അദ്ധ്യാപകരോ, മറ്റ് സ്റ്റാഫ് അംഗങ്ങളോ, P.T.A പ്രതിനിധികളോ തുറന്ന് പരിശോധന നടത്തിയ ശേഷം കുട്ടികളെ പ്രവേശിപ്പിക്കേണ്ടതാണ്. സ്കൂൾ സുരക്ഷ സംബന്ധിച്ച് സൂചനപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. സ്കൂൾ മുറികളും, ശുചിമുറികളും വൈകുന്നേരങ്ങളിൽ കൃത്യമായി പൂട്ടി സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം).
3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറിവിഭാഗം)

} തങ്ങളുടെ അധികാര പരിധിയിൽ വരുന്ന മുഴുവൻ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രധാനാദ്ധ്യാപകർക്കും അറിയിപ്പും വേണ്ട നിർദേശങ്ങളും നൽകേണ്ടതാണ്.

Scanned by CamScanner

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,

തൃശ്ശൂർ. തീയ്യതി 22-02-2020.

പുറത്തെഴുത്ത് നം. എച്ച്2/22393 /2019

സർക്കുലറിന്റെ പകർപ്പ് എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് നൽകുന്നു. ടി സർക്കുലറിലെ നിർദ്ദേശം പാലിക്കുവാൻ വേണ്ട നിർദ്ദേശം പ്രധാന അധ്യാപകർക്ക് നൽകേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ വിദ്യാഭ്യാസ ആഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)

വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്സ്24/2